## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 471** — **20.10.2011 - ന് മറുപടിയ്ക്ക്**

# കോസ്റ്റൽ റഗുലേഷൻ സോൺ വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റിന്റെ എൺവറോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് , 1986 -ൽ പറയുന്ന കോസ്റ്റൽ റഗുലേഷൻ സോൺ വ്യവസ്ഥകൾ അനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നിബന്ധനകളിൽ നിന്നും കേരളത്തെ പ്രത്യേകമായി എന്തെങ്കിലും കാര്യങ്ങളിൽ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; | (എ) ഉണ്ട്. കേരളത്തിലെ കായൽ ദ്വീപുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് 2011 ലെ തീരദേശനിയന്ത്രണ വിജ്ഞാപനപ്രകാരം പ്രത്യേക ഇളവ് നൽകിയിട്ടുണ്ട്. കേരളത്തിന് പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ള സി. ആർ. ഇസഡ് സംബന്ധിച്ച നിബന്ധനകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) 2011 ജനുവരി 6 - ാം തീയതി കേന്ദ്ര പരിസ്ഥിതിയും വനവും മന്ത്രികാര്യാലയം പുറപ്പെടുവിച്ച സി. ആർ. ഇസ്സഡ് നിബന്ധനകൾ അനുസരിച്ച് കേരളത്തിലെ കടലോരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾക്കും മറ്റു തദ്ദേശവാസികൾക്കും വീടുകൾ പണിയുന്നതിന് തടസ്സം നിൽക്കുന്ന എന്തെങ്കിലും നിബന്ധനകൾ/ചട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാം ; | (ബി) ഉണ്ട്. പ്രസ്തുത നിബന്ധനകൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |
| (സി) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽപ്പെട്ടതും കടലിൽ നിന്നും 50 മീറ്റർ മാറിയുള്ളതുമായ പ്രദേശങ്ങളിൽ പുതുതായി വീടു പണിയുന്നതിന് അനുമതി നൽകുന്നതിൽ പഞ്ചായത്തിനെ വിലക്കുന്നതുമായ എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ; എങ്കിൽ അവ വ്യക്തമാക്കുമോ ; | (സി) ഉണ്ട്, കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 200 മീറ്റർ വിട്ടു മാത്രമേ ഗൃഹനിർമ്മാണം അനുവദിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | അപ്രകാരം വിലക്കുകൾ ഇല്ലെങ്കിൽ ചെല്ലാനം പഞ്ചായത്തിൽ പുതുതായി കെട്ടിടനിർമ്മാണത്തിന് ലഭിച്ച അപേക്ഷകളിന്മേൽ എത്രയും വേഗം അനുമതി നൽകുമോ ? | (ഡി) | വിലക്കുകൾ ഉള്ളതിനാൽ അനുമതി നൽകാൻ സാധിക്കുകയില്ല. |

Mani B.V.S

അണ്ടർ സെക്രട്ടറി

# അനുബന്ധം I

## കേരളത്തിനുള്ള സി.ആർ.ഇസഡ്

കായലുകളും കായൽ തുരുത്തുകളും സ്ഥല പരിമിതിയുമുള്ള കേരള സംസ്ഥാനത്തിന്റെ തീരനിരകളാലുള്ള അതുല്യമായ തീരപ്രദേശ വ്യവസ്ഥകളിലെ സി.ആർ.ഇസഡ് പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്ന വിധത്തിൽ നിയന്ത്രിക്കേണ്ടതാണ്.

i) കേരളത്തിലെ മുഴുവൻ കായൽ തുരുത്തുകളും സി.ആർ.ഇസഡ് വിജ്ഞാപനത്തിന് വിധേയമായിരിക്കും.

ii) വേലിയേറ്റ രേഖയിൽ നിന്നും കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ – വീതിയുള്ള കായൽ തുരുത്തുകളും സി.ആർ.ഇസഡ് പ്രദേശമായിരിക്കും

iii) ഇത്തരം വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററുകൾക്കുള്ളിലുള്ള കായൽ തുരുത്തുകളിലെ നിലവിലുള്ള, പ്രാദേശിക സമൂഹത്തിന്റെ വാസസ്ഥലങ്ങളിൽ അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ അനുവദിക്കാമെങ്കിലും, പുതിയ നിർമ്മാണ പ്രവൃത്തികൾ പാടില്ല.

iv) വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്ററുകൾക്കപ്പുറം കരയുടെ ഭാഗത്തുള്ള കായൽ തുരുത്തുകളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രാദേശിക സമൂഹത്തിനായി വാസസ്ഥലം നിർമ്മിക്കാവുന്നതാണ്.

v) വേലിയേറ്റരേഖയിൽ നിന്നും കരയുടെ ഭാഗത്തേക്ക് അൻപതു മീറ്റർ – വീതിയുള്ള കായൽ തുരുത്തുകൾ, മത്സ്യബന്ധനജെട്ടികൾ, മീനുണക്കൽ കളങ്ങൾ, വല നന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗത രീതിയിൽ മത്സ്യസംസ്കരണ പ്രക്രിയകൾ, ബോട്ടു നിർമ്മാണ ശാലകൾ, ഐസ് പ്ളാന്റ് , ബോട്ടിന്റെ അറ്റകുറ്റപണികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ നടത്താവുന്നതാണ്.

Mani B.V.S

***B.V.S. MANI***
*Under Secretary to Govt.*
*Science & Technology Dept.*
*Sasthra Bhavan, Pattom*
*Thiruvananthapuram*

അനുബന്ധം - II

2011 ലെ തീരദേശ വിജ്ഞാപനത്തിന്റെ

പ്രസക്തഭാഗങ്ങൾ

7. **സി.ആർ.ഇസഡ്. തരം തിരിക്കൽ-തീരമേഖലയേയും സമുദ്രജലമേഖലയെയും നിലനിർത്തുകയും, സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സി.ആർ.ഇസഡ് പ്രദേശങ്ങളെ താഴെ കാണിച്ചിരിക്കുന്ന രീതിയിൽ തരം തിരിച്ചിരിക്കുന്നു.**

i) **സി.ആർ.ഇസഡ് I**

A. പാരിസ്ഥിതികമായി പ്രത്യേകതകളുള്ളതും, ഭൂരൂപവിജ്ഞാനീയ ഘടകങ്ങളാൽ തീരദേശ മേഖലയുടെ സംയോജികതയെ നില നിർത്തുന്നതിൽ പങ്ക് വഹിക്കുന്നതുമായ പ്രദേശങ്ങൾ.

a) കണ്ടൽക്കാടുകൾ, കണ്ടൽ മേഖലകൾ ആയിരം ചതുരശ്രമീറ്ററിലധികം വരുന്നുവെങ്കിൽ അൻപത് മീറ്റർ കരുതൽ മേഖല കൂടി ഇതിലുൾപ്പെടുത്തേണ്ടതാണ്.

b) പവിഴപ്പുറ്റുകളും, അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും, അവയോട് അനുബന്ധിച്ച ജൈവ വൈവിധ്യവും.

c) മണൽ കുന്നുകൾ

d) ജൈവപരമായി സചേതനമായ ചേർപരപ്പുകൾ

e) ദേശീയ ഉദ്യാനങ്ങൾ, സമുദ്രോദ്യാനങ്ങൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ കേന്ദ്രങ്ങൾ തുടങ്ങി 1972-ലെ വന്യജീവി (സംരക്ഷണം) നിയമം (1972-ലെ 53), 1980-ലെ വനം (പരിപാലനം) നിയമം (1980-ലെ 69) 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമം (1986-ലെ 29) എന്നിവയുടെ കരുതൽ നടപടികളിൽപ്പെടുന്നവയും. സംരക്ഷിത ജൈവ സങ്കേതമുൾപ്പെടെയുള്ള മറ്റു പ്രദേശങ്ങളും.

f) ഉപ്പു കളങ്ങൾ/പാടങ്ങൾ

g) ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ.

h) ഹോഴ്സ് ഷൂ ഞണ്ടുകളുടെ ആവാസ സങ്കേതങ്ങൾ

i) കടൽ പായൽ തിട്ടകൾ

j) പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ

k) പൌരാണിക പ്രാധാന്യമുള്ള പ്രദേശങ്ങൾ, പൈതൃക സങ്കേതങ്ങൾ എന്നിവ.

B. **വേലിയേറ്റ-വേലിയിറക്ക രേഖകൾക്കിടയിലെ പ്രദേശം:**

ii) **സി.ആർ. ഇസഡ് II**

**തീരരേഖ വരെയോ, അതിനു വളരെയടുത്തുവരെയോ വികസനം നടത്തിയിട്ടുള്ള പ്രദേശങ്ങൾ**

**വിശദീകരണം :** മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിലവിൽ നിയമപരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും നല്ല നിലയിൽ രൂപികരിച്ചിട്ടുള്ളതും, അപ്രോച്ച് പാതകൾ, മലിനജല നിർഗമന സംവിധാനങ്ങൾ, എന്നിവയുള്ളതും, ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉള്ളതുമായ നഗര പ്രദേശങ്ങളെയാണ് "വികസിത പ്രദേശം" എന്നു വിവക്ഷിക്കുന്നത്.

iii) **സി.ആർ.ഇസഡ് III**

സി.ആർ. ഇസഡ് -I അഥവാ II എന്നിവയിൽ പെടാത്തതും താരതമ്യേന സ്വച്ഛവും, ഉൾപ്രദേശങ്ങളിലെ

തീരപ്രദേശ മേഖലകൾ ഉൾപ്പെടുന്നതും (വികസിതവും, അവികസിതവും), മുനിസിപ്പൽ പരിധിയിലെ പ്രദേശങ്ങളോ മറ്റു നിയമപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നഗര പ്രദേശങ്ങളിലോ, എന്നാൽ കാര്യമായ രീതിയിൽ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്ത പ്രദേശങ്ങൾ.

iv) **സി.ആർ.ഇസഡ് IV**

A. വേലിയിറക്ക രേഖയിൽ നിന്നും കടലിലേക്ക് പന്ത്രണ്ട് നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജല പ്രദേശം.

B. വേലിയേറ്റ -വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്ന സമുദ്ര ജലാശയമുഖം മുതൽ വേലിയേറ്റ വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്നതുവരെയുള്ള ജലപ്രദേശം. വർഷത്തെ ഏറ്റവും വരൾച്ച അനുഭവപ്പെടുന്ന സമയം ആയിരത്തിൽ അഞ്ചു ഭാഗം എന്ന് അളന്നാണ് വേലിയേറ്റ-വേലിയിറക്ക സ്വാധീനം കണക്കാക്കുന്നത്.

v) തീരദേശ പരിസ്ഥിതി സംരക്ഷണത്തിനും പ്രാദേശിക സമൂഹം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രത്യേകം പരിഗണന ആവശ്യമായി വരുന്ന പ്രദേശങ്ങൾ.

A. (i) ബൃഹത് മുംബൈയുടെ മുനിസിപ്പൽ പരിധിയിൽ വരുന്ന സി.ആർ.ഇസഡ് പ്രദേശം.

(ii) കേരളത്തിലെ കായലുകളും, കായൽത്തുരുത്തുകളും അടങ്ങുന്ന സി.ആർ.ഇസഡ് പ്രദേശങ്ങൾ.

iii) ഗോവയിലെ സി.ആർ.ഇസഡ് പ്രദേശങ്ങൾ.

B. പശ്ചിമബംഗാളിലെ സുന്ദർബൻ മേഖലപോലെ വിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന തീരപ്രദേശങ്ങൾ (സി.വി.സി.എ), 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമം തിരിച്ചറിഞ്ഞിട്ടുള്ളതും, പാരിസ്ഥിതികമായി വളരെ സചേതനമായതും മത്സ്യബന്ധന സമൂഹമുൾക്കൊള്ളുന്ന തീരദേശ വിഭാഗങ്ങളുടെ സഹകരണത്തോടെ പരിപാലനം ചെയ്യുന്നതുമായ പ്രദേശങ്ങൾ

8. **ഈ വിജ്ഞാപനത്തിൽ അനുവദനീയമായ പ്രവർത്തനങ്ങളുടെ നിയന്ത്രണ മാനദണ്ഡങ്ങൾ.**

(i) താഴെ കാണിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസൃതമായി വിവിധ വിഭാഗങ്ങളിൽ പെടുന്ന സി.ആർ.ഇസഡ്-ലെ വികസന, നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സി.ഇസഡ്.എം.എ. നിയന്ത്രിക്കേണ്ടതാണ്.

കുറിപ്പ്: നിലവിലുള്ള വിവിധ സ്വഭാവങ്ങൾ, ക്രമാനുസൃതമാക്കൽ, അല്ലെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങൾ എന്നിവ അർത്ഥമാക്കുന്നത് 19-02-1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിലവിലെ സ്വഭാവങ്ങൾ, ക്രമാനുസൃതമാക്കൽ മാനദണ്ഡങ്ങൾ എന്നിവയാണ്.

**സി.ആർ.ഇസഡ്-I**

i) ചുവടെ കാണിച്ചിരിക്കുന്നവയൊഴികെയുള്ള യാതൊരു വിധ പുതിയ നിർമ്മാണ പ്രവർത്തനങ്ങളും സി.ആർ.ഇസഡിൽ അനുവദിക്കുന്നതല്ല.

a) ആണവോർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

b) കുഴൽ നിരകൾ, സംപ്രേഷണ നിരകളുൾപ്പെടുന്ന ആശയവിനിമയ സാമഗ്രികൾ

c) സി.ആർ.ഇസഡ്-1ൽ അനുവദനീയമായ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ

d) ചുഴലിക്കൊടുങ്കാറ്റുകളുടെ നീക്കങ്ങൾ വിലയിരുത്തുന്നതിനും, ഭാരതീയ കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥ പ്രവചനത്തിനുമായുള്ള കാലാവസ്ഥ റഡാർ സ്ഥാപിക്കൽ.

e) വേലിയേറ്റ വേലിയിറക്ക രേഖകൾക്കിടയിലെ വെള്ളത്തിന്റെ ഒഴുക്കിനെ ബാധിക്കാതെ കടലിനെയും ഹാർബറിനെയും ബന്ധിപ്പിക്കുന്ന നിർമ്മാണങ്ങൾ.

f) നേരത്തെ അനുവദനീയമായ നവി മുംബൈയിലെ ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ.

ii) വേലിയേറ്റ-വേലിയിറക്ക രേഖകൾക്കിടയിൽ പാരിസ്ഥിതികമായി ദുർബലമല്ലാത്തതും പ്രധാനമല്ലാത്തതുമായ പ്രദേശങ്ങളിൽ, വേണ്ട വിധത്തിലുള്ള സുരക്ഷാമാർഗ്ഗങ്ങളവലംബിച്ചുകൊണ്ട് താഴെ കാണിക്കുന്നവയ്ക്ക് അനുമതി നൽകാവുന്നതാണ്.

a) പ്രകൃതിവാതക പര്യവേഷണവും, ശേഖരണവും

b) സംരക്ഷിത ജൈവമണ്ഡലങ്ങളിൽ പരമ്പരാഗതമായി അധിവസിച്ചുവരുന്ന ജനവിഭാഗങ്ങളുടെ ആവശ്യത്തിനായി ബന്ധപ്പെട്ട സി.ഇസഡ്.എം.എയുടെ അനുമതിയോടെ ചികിത്സാലയങ്ങൾ, പാഠശാലകൾ, പൊതുമഴമറകൾ, ശൗചാലയങ്ങൾ, പാലങ്ങൾ, പാതകൾ, ജെട്ടികൾ, ശുദ്ധജലവിതരണ സംവിധാനങ്ങൾ, അഴുക്കുചാലുകൾ മുതലായവയുടെ നിർമ്മാണം.

c) അപായമേഖലയിലുൾപ്പെട്ട പ്രദേശങ്ങളിൽ ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ അനിവാര്യമായ സുരക്ഷാ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

d) കടൽ വെള്ളം സൗരോർജ്ജത്താൽ വറ്റിച്ച് ഉപ്പുണ്ടാക്കുന്ന പ്രക്രിയ.

e) നിർലവണീകരണ പ്ലാന്റുകൾ

f) വിജ്ഞാപിത തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

g) വേലിയേറ്റ-വേലിയിറക്കത്തിലെ ജലത്തിന്റെ ഒഴുക്കിനെ ബാധിക്കാത്ത വിധത്തിൽ കടലിനെയും, ഹാർബറിനെയും ബന്ധിപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, തൂണുകളിലോ പൊയ്ക്കാലുകളിലോ പാതകൾ നിർമ്മിക്കൽ.

II സി.ആർ.ഇസഡ് II

i) നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേക്കോ, അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ.

ii) നിലവിലുള്ളതോ നിർദ്ദിഷ്ടമായതോ ആയ പാതകളിൽ നിന്നും നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേയ്ക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള പ്രാദേശിക നഗര/ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം. അതിൽ നിലവിലുള്ള തറ വിസ്തൃതി സൂചിക അഥവാ തറ വിസ്തൃതി അനുപാതത്തിന്റെ മാനദണ്ഡങ്ങൾ ഉൾപ്പെട്ടിരിക്കണം.

നിലവിലുള്ള പാതയുടെ കടൽ ഭാഗത്തേക്ക് നിർമ്മിച്ചിരിക്കുന്ന ഏതെങ്കിലും പുതിയ പാതകളുണ്ടെങ്കിൽ അവയുടെ കരഭാഗത്തേക്ക് കെട്ടിടങ്ങളുടെ നിർമ്മാണാനുമതി നൽകുന്നതല്ല.

iii) നിലവിലുള്ള തറ വിസ്തൃതി സൂചിക/തറ വിസ്തൃതി അനുപാത മാനദണ്ഡങ്ങൾക്കനുസൃതമായും. നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത നിർമ്മിതികൾക്ക് പുനർനിർമ്മാണം അനുവദനീയമാണ്.

iv) പെട്രോളിയം ഉൽപന്നങ്ങളുടെയും ദ്രവീകൃത പ്രകൃതിവാതകത്തിന്റെയും സ്വീകരണ-സംഭരണ സൗകര്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ അനുബന്ധം II ൽ പ്രതിപാദിച്ച രീതിയിലും, ദ്രവീകൃത പ്രകൃതി വാതകത്തിന്റെ പുനർ വാതകീകരണത്തിനുള്ള സൗകര്യങ്ങൾ ഖണ്ഡിക 3-ൽ ഉപ ഖണ്ഡിക (ii) ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കുകയും വേണം.

v) നിർലവണീകരണ പ്ലാന്റുകളും അനുബന്ധ സൗകര്യങ്ങളും.

vi) വിജ്ഞാപിത തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

vii) പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുക, അവയുടെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക.

III) **സി.ആർ.ഇസഡ് III**

A. സമുദ്ര മുഖത്തു നിന്നുള്ള കാര്യത്തിൽ വേലിയേറ്റ രേഖയിൽ നിന്നും കരഭാഗത്തേക്ക് ഇരുന്നൂറു മീറ്റർ വരെയുള്ള പ്രദേശവും വേലിയേറ്റ-വേലിയിറക്ക സ്വാധീന ജലാശയത്തിന്റെ നൂറു മീറ്റർ ദൂരമോ, ചെറുഉൾകടലുകളുടെ വീതിയോ ഏതാണ് കുറവ് വരുന്ന പ്രദേശം ആ പ്രദേശത്തെ 'വികസന നിഷിദ്ധ മേഖല' (എൻ.ഡി.ഇസഡ്) ആയി നിജപ്പെടുത്തേണ്ടതാണ്.

(i) വിജ്ഞാപിത തുറമുഖ പരിധിയിൽ വരുന്ന പ്രദേശത്തിന് 'വികസന നിഷിദ്ധ മേഖല' (എൻ.ഡി.ഇസഡ്) ബാധകമാവുകയില്ല.

(ii) നിലവിലുള്ള അംഗീകൃത നിർമ്മിതികളുടെ, നിലവിലുള്ള തറവിസ്തൃത സൂചിക, സ്ഥലഭ പാദം, സാന്ദ്രത എന്നിവയ്ക്ക് മാറ്റമില്ലാതെ അവയുടെ അറ്റകുറ്റപ്പണികളോ, പുനർനിർമ്മാണമോ, വിജ്ഞാപനത്തിൽ അനുമതി നിൽകിയ പ്രവർത്തനങ്ങളോ ഇത്തരം പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സൗകര്യങ്ങളൊരുക്കുന്നതുമല്ലാതെ മറ്റൊരു നിർമ്മാണ പ്രവർത്തനങ്ങളും എ.ഡി.ഇസഡ്-ൽ അനുവദനീയമല്ല. മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിന് വേലിയേറ്റ രേഖയിൽ നിന്നും നൂറു മുതൽ ഇരുന്നൂറു മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/ പുനർനിർമ്മിതിയോ ചെയ്യുവാൻ അനുമതി നൽകാവുന്നതാണ്. ഈ നിർമ്മിതി പാരമ്പര്യ തീരദേശ സമൂഹവുമായി ചർച്ചചെയ്ത്. ആപൽ പരിപാലന കരുതൽ നടപടികൾ, ശുചികരണ നടപടികൾ എന്നിവ ഉൾക്കൊള്ളിച്ച് ഒരു വിശദമായ പദ്ധതി, സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശം തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണ പ്രദേശത്തെ സി.ഇസഡ്.എം.എ.യുടെ ശുപാർശയോടുകൂടി പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി എൻ.സി.ഇസഡ് എം.എ.യ്ക്ക് സമർപ്പിക്കേണ്ടതാണ്.

(iii) എന്നിരുന്നാലും താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ എൻ.ഡി.ഇസഡ്-ൽ അനുവദനീയമാണ്.

a) കൃഷി, പുഷ്പ ഫല സസ്യ പരിപാലനം, ഉദ്യാനങ്ങൾ, മേച്ചിൽ പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, വന വൽക്കരണം.

b) ആണവോർജ്ജ വകുപ്പിന്റെ പദ്ധതികൾ.

c) അപൂർവ്വ ധാതുക്കളുടെ ഖനനം

d) കടൽ വെള്ളത്തിൽ നിന്നും ഉപ്പുണ്ടാക്കൽ

e) അനുബന്ധം II-ൽ പ്രതിപാദിച്ച പ്രകാരം പെട്രോളിയം ഉത്പന്നങ്ങൾ, ദ്രവീകൃത പ്രകൃതിവാതകം എന്നിവയുടെ സ്വീകരിക്കലിനു സൂക്ഷിപ്പും.

f) ഖണ്ഡിക-3, ഉപഖണ്ഡിക (II)ൽ സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം ദ്രവീകൃത പ്രകൃതി വാതകത്തിന്റെ പുനഃവാതകീകരണത്തിനുള്ള സൗകര്യങ്ങൾ

g) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ

h) നിർലവണീകരണ പ്ലാന്റുകൾക്കും അവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾക്കുമായി തീരത്തിനു മുമ്പു ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ.

i) കാലാവസ്ഥ റഡാറുകൾ

j) പ്രാദേശിക നിവാസികളുടെ ആവശ്യത്തിനായി ശുശ്രൂഷാ കേന്ദ്രങ്ങൾ, പാഠശാലകൾ, പൊതു മഴമറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, പാതകൾ, ജലവിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ, അഴുക്കുചാലുകൾ, ശ്മശാനങ്ങൾ, സെമിത്തേരികൾ, വൈദ്യുതി ഉപകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം സി.ഇസഡ്.എം.എ. ഓരോ പദ്ധതിയും പ്രത്യേകമായി അനുവദിക്കാവുന്നതാണ്.

k) തദ്ദേശ മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ, സമിതിയുടെയോ മുൻകൂർ അനുമതിയോടു കൂടി ഗാർഹിക മലിനജല സംസ്കരണവും പുറന്തള്ളലിനുമായി നിർമ്മിക്കുന്ന യൂണിറ്റുകൾ അവയുടെ സഹായത്തിനായുള്ള നിർമ്മിതികൾ.

l) തദ്ദേശ മത്സ്യത്തൊഴിലാളി സമൂഹത്തിനാവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവ.

m) നവി മുംബൈയിൽ മാത്രം നേരത്തെ അനുവാദം നൽകിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ.

B) 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള പ്രദേശം താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ മേൽപറഞ്ഞ പ്രദേശങ്ങളിൽ അനുവദനീയമാണ്.

i) അനുബന്ധം III-ൽ പ്രസ്താവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായി മേൽപറഞ്ഞ പ്രദേശങ്ങളിലെ ഒഴിവായിട്ടിരിക്കുന്ന സ്ഥലത്ത് വിനോദ

സഞ്ചാരികൾ, സന്ദർശകർ എന്നിവരുടെ സൗകര്യാർത്ഥം ഹോട്ടലുകളോ, കടൽതീര റിസോർട്ടുകളോ നിർമ്മിക്കുന്ന വികസന പ്രവർത്തനങ്ങൾ.

ii) അനുബന്ധം III-ൽ അനുശാസിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പെട്രോളിയം ഉത്പന്നങ്ങൾ, ദ്രവീകൃത പ്രകൃതിവാതകം എന്നിവയുടെ സ്വീകരിക്കുവാനും സൂക്ഷിപ്പിനായുമുള്ള സൗകര്യങ്ങൾ.

iii) ഖണ്ഡിക 3, ഉപഖണ്ഡിക (II)-ൽ സൂചിപ്പിച്ച വ്യവസ്ഥകൾക്കനുസരിച്ച് ദ്രവീകൃത പ്രകൃതി വാതകത്തിന്റെ പുന:വാതകീകരണത്തിനുള്ള സൗകര്യങ്ങൾ.

iv) വിജ്ഞാപിത തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

v) നിർലവണീകരണ പ്ലാന്റുകൾക്കും അവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾക്കുമായി തീരത്തിനുമുൻപ് ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ.

vi) പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുവാൻ വേണ്ട സൗകര്യങ്ങൾ

vii) പരമ്പരാഗത അവകാശമുള്ളതും നാട്ടുനടപ്പനുസരിച്ച് ഉപയോഗത്തിലുള്ളതുമായ മത്സ്യബന്ധന ഗ്രാമങ്ങളുടെയും സങ്കേതങ്ങളുടെയും പരിധിക്കുള്ളിലെ വാസസ്ഥലങ്ങളുടെ നിർമ്മാണമോ പുനർനിർമ്മാണമോ. ഇത്തരം നിർമ്മാണ- പുനർനിർമ്മാണത്തിനുള്ള കെട്ടിടാനുമതി ലഭിക്കുവാൻ പ്രാദേശിക നഗര / ദേശീയ പദ്ധതി നിയമമനുസരിച്ച് രണ്ടു നിലകളിലായി (താഴെത്തെ നിലയും, ഒന്നാം നിലയും) ഉയരം ഒമ്പത് മീറ്ററിൽ കൂടുവാൻ പാടുള്ളതല്ല.

viii) പൊതു മഴ മറകൾ, പൊതു ശൗചാലയങ്ങൾ, ജലവിതരണം, അഴുക്കുചാലുകൾ, പാതകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം. ഏതെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും സി.ആർ.ഇസഡ്-ൽ ഉൾപ്പെടുകയും അവിടെ പാഠശാലകൾ, ചികിത്സാലയങ്ങൾ എന്നിവ തദ്ദേശവാസികളുടെ ഉപയോഗാർത്ഥം നിർമ്മിക്കുവാൻ മറ്റിടങ്ങളിൽ സൗകര്യമില്ലാതെ വരികയും ചെയ്താൽ, അവ പ്രസ്തുത പ്രദേശത്ത് നിർമ്മിക്കുവാനുള്ള അനുമതിയും സി.ഇസഡ്, എം.എ-യ്ക്ക് നൽകാവുന്നതാണ്.

ix) ഉപഖണ്ഡിക (vii), (viii) പ്രകാരം നിലവിലുള്ള അംഗീകൃത കെട്ടിടത്തിന്റെ പുനർനിർമ്മാണമോ, നവീകരണമോ.

x) നവി മുംബൈയിൽ മാത്രം നേരത്തെ അനുമതി നൽകിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ വികസനം.

## IV. സി.ആർ.ഇസഡ്- IV പ്രദേശങ്ങളിൽ:

പ്രാദേശിക ജനവിഭാഗങ്ങളുടെ പാരമ്പര്യ മത്സ്യബന്ധനം, അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ ഒഴികെ, കടലിനും, വേലിയേറ്റ-വേലിയിറക്ക സ്വാധീനമുള്ള ജലാശയങ്ങളിലും ദോഷകരമാവുന്ന താഴെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാകുന്നു.

a) സംസ്കരിച്ചിട്ടില്ലാത്ത മലിനജലം, മറ്റു അഴുക്കുകൾ, ബാലസ്റ്റ് ജലം, കപ്പലുകൾ കഴുകിയ

അവശിഷ്ടങ്ങൾ, ചാരം, ജലസംസ്കരണ പ്രവർത്തനങ്ങളാൽ ഉണ്ടാകുന്ന എല്ലാവിധ ഖര മാലിന്യങ്ങളും പുറന്തള്ളുകയോ കൂന കൂട്ടിയിടുകയോ ചെയ്യുവാൻ പാടുള്ളതല്ല. തീരദേശ നഗരങ്ങൾ/പട്ടണങ്ങൾ എന്നിവയിൽ നിന്ന് നിർഗമിക്കുന്ന മലിനജല സംസ്കരണത്തിന് ഒരു സമഗ്രപദ്ധതി, പാരമ്പര്യ മത്സ്യ ബന്ധന തൊഴിലാളി സമൂഹം, തീരദേശ സമൂഹം എന്നിവരുമായി ചർച്ച ചെയ്ത് ഒരു വർഷത്തിനകം രൂപകൽപന ചെയ്ത് നടപ്പാക്കേണ്ടതാണ്.

b) എണ്ണ-വാതക പര്യവേഷണം, കുഴിച്ചെടുക്കൽ, ഖനനം, കപ്പൽ-ബോട്ട് ശാലകൾ എന്നിവ മുഖാന്തിരമുണ്ടാകുന്ന മലിനീകരണം.

c) പ്രദേശിക ജന സമൂഹം നടത്തിവരുന്ന പാരമ്പര്യ മത്സ്യബന്ധനം, അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ എന്നിവക്ക് നിയന്ത്രണമുണ്ടായിരിക്കുന്നതല്ല.

Mani B.V.S

**B.V.S. MANI**
*Under Secretary to Govt.*
*Science & Technology Dept.*
*Sasthra Bhavan, Pattom*
*Thiruvananthapuram*